# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/144/2017 <u>പത്രക്കുറിപ്പ്</u> 2017 ജൂലായ് 11

**എം. ജി ബിരുദ ഏകജാലകം : പട്ടിക ജാതി/പട്ടിക വർഗ്ഗ പ്രത്യേക അലോട്ട്മെന്റ് പ്രസിദ്ധികരിച്ചു. യോഗ്യത നേടിയവർ നാളെ (ജൂലായ് 13) വൈകീട്ട് 4 മണിക്കു മുൻപായി പ്രവേശനം നേടണം.**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഏകജാലകം വഴി 2017ൽ ബിരുദ പ്രവേശനത്തിനുള്ള പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായുള്ള പ്രത്യേക അലോട്ട്മെന്റ് ലഭിച്ചവർ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് ഓൺലൈനായി സർവ്വകലാശാല അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് നാളെ (ജൂലായ് 13) വൈകുന്നേരം നാലു മണിക്കു മുൻപായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഹാജരായി പ്രവേശനം നേടേണ്ടതാണ്. ജൂലായ് 13 ന് വൈകുന്നേരം നാലു മണിക്കു മുൻപായി ഫീസ് അടക്കാത്തവരുടെയും ഫീസടച്ച ശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

**പി. ജി. ഏകജാലക പ്രവേശനം : എൻ. ആർ. ഐ/വികലാംഗ/സ്പോർട്സ്/കൾച്ചറൽ/സ്റ്റാഫ് ക്വോട്ട അപേക്ഷകൾ**

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ/എയ്ഡഡ്/സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഒന്നാം വർഷ ബിരുദാന്തര ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനത്തിന് വികലാംഗ/സ്പോർട്സ്/കൾച്ചറൽ ക്വോട്ട വിഭാഗങ്ങളിൽ സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നവർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ ജൂലായ് 14 നകം നേരിട്ട് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇവർക്ക് ഏകജാലക സംവിധാനത്തിലൂടെയുള്ള പ്രവേശനത്തിനു പ്രത്യേകമായി സീറ്റുകൾ സംവരണം ചെയ്തിട്ടില്ല.

**എം. എസ്. ഡബ്ല്യൂ. പ്രവേശനം : ജൂലായ് 15 വരെ അപേക്ഷിക്കാം**

മഹാത്മാഗാന്ധി സർവ്വകലാശാലാ അഫിലിയേറ്റഡ് കോളേജുകളിലെ എം. എസ്. ഡബ്ല്യൂ പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്രവേശനപ്പരീക്ഷയിലെ മാർക്കിന്റെയും ബോണസ് പോയിന്റുകളുടെയും അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. പ്രവേശനപ്പരീക്ഷയുടെ തീയതി പിന്നാലെ അറിയിക്കും. വിശദമായ നോട്ടിഫിക്കേഷനും കോളേജുകളുടെ വിവരങ്ങളും അപേക്ഷാഫോറത്തിന്റെ മാതൃകയും ഫീസടയ്ക്കുന്നതിനുള്ള ചലാനും സർവ്വകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ ജൂലൈ 15 വരെ അസിസ്റ്റന്റ് രജിസ്ട്രാർ (ക്യാപ്), മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് (പി.ഒ), കോട്ടയം - 686 560 എന്ന വിലാസത്തിൽ സമർപ്പിക്കാം.

**പുതുക്കിയ പരീക്ഷാതീയതി.**

ജൂലൈ 3 ന് നടത്താൻ നിശ്ചയിച്ചിരുന്നതും മാറ്റി വച്ചതുമായ ഒന്നാം സെമസ്റ്റർ എം. എ/എം. എം. എച്ച്/ എം. സി. ജെ/എം. എസ്. ഡബ്ല്യൂ/എം. റ്റി. എ/എം. എസ്‌സി/എം. കോം (സി. എസ്. എസ് - 2013 മുതൽ 2015 വരെയുള്ള അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി/2012 അഡ്മിഷൻ മേഴ്സിചാൻസ്) മെയ്/ജൂൺ - 2017 ഡിഗ്രി പരീക്ഷകൾ ജൂലായ് 24 ന് നടത്തും. പരീക്ഷാ കേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

**പരീക്ഷാതീയതി.**

അഞ്ചാം സെമസ്റ്റർ ബി. വോക് (2014 അഡ്മിഷൻ റഗുലർ) ഡിഗ്രി പരീക്ഷയുടെ ഇക്കോ ടൂറിസം, വെയ്റ്റ് മാനേജ്മെന്റ് റീ ഹാബിലിറ്റേഷൻ & ഫിറ്റ്നസ് എന്നീ പേപ്പറുകളുടെ പരീക്ഷ ആഗസ്റ്റ് 2 ന് നടത്തും.

**എം. ജി ഓഫ് കാമ്പസ് പരീക്ഷ : പ്രാക്ടിക്കൽ, പ്രൊജക്റ്റ്, വൈവാ വോസി (ദയവായി എല്ലാ എഡിഷനുകളിലും)**

2017 മെയ് മാസത്തിൽ നടത്തിയ ഒന്ന്, രണ്ട്, മൂന്ന്, നാല് സെമസ്റ്റർ ബി. എസ്‌സി. കംപ്യൂട്ടർ സയൻസ് (ഓഫ് കാമ്പസ് - സി. ബി. സി. എസ്. എസ് - സപ്ലിമെന്ററി/മേഴ്സിചാൻസ്) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലായ് 24, 25 തീയതികളിൽ പത്തനംതിട്ട സ്റ്റാസിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 മെയ് മാസത്തിൽ നടത്തിയ അഞ്ചും ആറും സെമസ്റ്റർ ബി. എസ്‌സി. കംപ്യൂട്ടർ സയൻസ് (ഓഫ് കാമ്പസ് - സി. ബി. സി. എസ്. എസ് -റഗുലർ/സപ്ലിമെന്ററി/മേഴ്സിചാൻസ്) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ ലിനക്സ് പ്രോഗ്രാമിങ്ങ് ആന്റ് പ്രോജക്റ്റ് ഇൻ ജാവ, പ്രോജക്റ്റ് ആന്റ് വൈവാ വോസി പരീക്ഷകൾ ജൂലായ് 21

ന് പത്തനംതിട്ട സ്റ്റാസിൽ വച്ചും, ജൂലായ് 15 ന് ചാലക്കുടി കുന്നപ്പിള്ളി നിർമല കോളേജ് ഓഫ് എഞ്ചിനിയറിംഗിൽ വച്ചും നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 ഏപ്രിലിൽ നടത്തിയ ഒന്നു മുതൽ ആറു വരെയുള്ള സെമസ്റ്റർ ഓഫ് കാമ്പസ് ബി. സി. എ (2012 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സിചാൻസ് & സി. ബി. സി. എസ്. എസ് - 2012 മുതലുള്ള അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ എറണാകുളം, ഇടുക്കി ജില്ലയിലെ വിദ്യാർത്ഥികൾക്ക് ജൂലായ് 15, 16, 29, 30 തീയതികളിൽ കൊച്ചി ഇടപ്പള്ളി സ്കൂൾ ഓഫ് ടെക്നോളജി ആന്റ് അപ്ലൈഡ് സയൻസസിൽ വച്ചും, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ വിദ്യാർത്ഥികൾക്ക് ജൂലായ് 21, 22, 24, 25 തീയതികളിൽ ചാലക്കുടി നിർമല കോളേജ് ഓഫ് എഞ്ചിനിയറിംഗിൽ വച്ചും നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്. വിദ്യാർത്ഥികൾ ഹാൾടിക്കറ്റും തിരിച്ചറിയൽ രേഖയുമായി രാവിലെ 8.30 ന് പരീക്ഷാ കേന്ദ്രത്തിൽ ഹാജരാകണം.

**പ്രാക്ടിക്കൽ**

2017 മാർച്ചിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി. എസ്സി. ഫുഡ് ടെക്നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ് (സി. ബി. സി. എസ്. എസ് - റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ജൂലായ് 13 ന് അതാത് കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ & മാസ്റ്റർ ഓഫ് പബ്ലിക് ഹെൽത്ത് ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ ജൂലായ് 24 വരെ സ്വീകരിക്കും.

2016 ഒക്ടോബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം. സി. എ (2015 അഡ്മിഷൻ റഗുലർ, 2011 മുതൽ 2014 വരെയുള്ള അഡ്മിഷൻ സപ്ലിമെന്ററി & ലാറ്ററൽ എൻട്രി - 2015 അഡ്മിഷൻ റഗുലർ, 2013 & 2014 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 25 വരെ സ്വീകരിക്കും.

**ബി. കോം പുനർമൂല്യനിർണയഫലം**

2016 ഒക്ടോബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി. കോം (സി. ബി. സി. എസ്. എസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണയ മെമ്മോ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**എം. എസ്സി. ക്ലാസ്സുകൾ ജൂലായ് 17 ന് ആരംഭിക്കും.**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ ഒന്നാം വർഷ എം. എസ്സി. ക്ലാസ്സുകൾ ജൂലായ് 17 ന് ആരംഭിക്കും.

**അഭിമുഖം**

ഡി. എസ്. റ്റി. പഴ്സ് (DST PURSE)പദ്ധതിയുടെ കീഴിൽ പ്രോജക്റ്റ് ഫെല്ലോ, ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ ഒഴിവിലേക്ക് താത്കാലിക നിയമനത്തിനുള്ള അഭിമുഖം ജൂലൈ 13 ന് സ്കൂൾ *ഓഫ് കംപ്യൂട്ടർ സയൻസ*സിൽ വച്ച് നടത്തും. ഫോൺ : 0481 2731037.

**ടെക്നിക്കൽ അസിസ്റ്റന്റ് നിയമനം**

മഹാത്മാഗാന്ധി സർവ്വകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് & ടെക്നോളജി ഡി. എസ്. റ്റി. പഴ്സ് (DST PURSE) പദ്ധതിയുടെ ഭാഗമായി ടെക്നിക്കൽ അസിസ്റ്റന്റിനെ നിയമിക്കുന്നതിന് അപേക്ഷകൾ ക്ഷണിക്കുന്നു ജൂലായ് 15 ന് വൈകീട്ട് 5 മണി വരെ അപേക്ഷകൾ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ www.mgu.ac.in എന്ന സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**സിൻഡിക്കേറ്റ് യോഗം ജൂലായ് 17ന്**

മഹാത്മാഗാന്ധി സർവ്വകലാശാലാ സിൻഡിക്കേറ്റിന്റെ യോഗം ജൂലായ് 17ന് രാവിലെ 10.30 ന് സർവ്വകലാശാലാ സിൻഡിക്കേറ്റ് ഹാളിൽ വച്ച് നടത്തും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**